ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 07.10.2025** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. രാജ്യവ്യാപകമായി തീവ്ര വോട്ടർപട്ടിക പരിഷ്ക്കരണം നടപ്പാക്കുമെന്ന് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ. ബിഹാർ നിയമസഭ തിരഞ്ഞെടുപ്പിനുള്ള വോട്ടെടുപ്പ് അടുത്തമാസം 6നും 11 നും നടക്കും.

   **Chief Election Commissioner Gyanesh Kumar Announces Nationwide Special Intensive Revision; Bihar Assembly Polls on November 6 & 11.**

2. ഇന്ത്യ മൊബൈൽ കോൺഗ്രസ് 2025 പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്യും.

   **Prime Minister Narendra Modi will inaugurate Asia's Premier Telecom & Tech Event, India Mobile Congress 2025 in New Delhi tomorrow.**

3. ഏകീകൃത പണമിടപാട് സംവിധാനം യു പി ഐ ഖത്തറിൽ അവതരിപ്പിച്ച് ഇന്ത്യ.

India's UPI launched in Qatar, marking a new milestone in digital and financial cooperation between the two countries.

4. വിദേശ തൊഴിൽ കുടിയേറ്റ നടപടികളിൽ സുതാര്യത ലക്ഷ്യമിട്ടുള്ള ഗ്ലോബൽ മൊബിലിറ്റി കോൺക്ലേവിന് ഇന്ന് തിരുവനന്തപുരത്ത് തുടക്കമാകും.

Aiming for transparency in overseas employment migration procedures, the Global Mobility Conclave will begin today in Thiruvananthapuram.

5. അറബിക്കടലിൽ രൂപം കൊണ്ട ശക്തി ചുഴലിക്കാറ്റ് ദുർബലമാകുന്നു. കേരളത്തിൽ നാളെ മുതൽ വ്യാപക മഴയ്ക്ക് സാധ്യത.

Cyclone Shakthi that formed over the Arabian Sea is weakening. Widespread rainfall is likely in Kerala from tomorrow.

6. വനിതാ ഏകദിന ലോകകപ്പ് ക്രിക്കറ്റിൽ ന്യൂസിലൻഡിനെതിരെ ദക്ഷിണാഫ്രിക്കയ്ക്ക് 6 വിക്കറ്റ് ജയം.

In the Women's One Day Cricket World Cup, South Africa secured a 6-wicket victory against New Zealand.

## PAN INDIA SIR

രാജ്യവ്യാപകമായി തീവ്ര വോട്ടർപട്ടിക പരിഷ്കരണം നടപ്പാക്കുമെന്ന് മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാർ. എല്ലാ സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലും ഇതിന്റെ മുന്നൊരുക്കങ്ങൾ പുരോഗമിക്കുകയാണെന്നും അദ്ദേഹം ന്യൂഡൽഹിയിൽ വാർത്താ സമ്മേളനത്തിൽ അറിയിച്ചു. ബിഹാറിൽ SIR പ്രക്രിയയിലൂടെ 69 ലക്ഷം വോട്ടർമാരെ പട്ടികയിൽ നിന്ന് ഒഴിവാക്കിയതായും ശ്രീ ഗ്യാനേഷ് കുമാർ പറഞ്ഞു.

## EC – BIHAR ELECTION

¬ബിഹാറിലെ 243 അംഗ നിയമസഭയിലേക്കുള്ള തിരഞ്ഞെടുപ്പ് രണ്ട് ഘട്ടങ്ങളിലായി അടുത്ത മാസം നടക്കും. തിരഞ്ഞെടുപ്പ് പ്രഖ്യാപനത്തോടെ ബിഹാറിൽ മാതൃകാ പെരുമാറ്റച്ചട്ടം നിലവിൽവന്നു. നവംബർ ആറിനും, 11 നും വോട്ടെടുപ്പ് നടക്കും. നവംബർ 14 നാണ് വോട്ടെണ്ണൽ. ഒന്നാംഘട്ട തിരഞ്ഞെടുപ്പിൻറെ വിജ്ഞാപനം ഈ മാസം 10 നും രണ്ടാംഘട്ടത്തിലേക്കുള്ള വിജ്ഞാപനം 13 നും പുറപ്പെടുവിക്കും. 7 സംസ്ഥാനങ്ങളിലെ എട്ട് നിയമസഭാ മണ്ഡലങ്ങളിലേക്കുള്ള ഉപതിരഞ്ഞെടുപ്പും നവംബർ 11 ന് നടക്കും. 14 നാണ് വോട്ടെണ്ണൽ.

## VP - LEADERS OF UPPER HOUSE

ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ രാജ്യസഭയിലെ പ്രതിപക്ഷ പാർട്ടികളിലെ ഉൾപ്പെടെയുള്ള നേതാക്കളുമായി ഇന്ന് കൂടിക്കാഴ്ച നടത്തും. രാജ്യസഭാ അധ്യക്ഷൻ എന്ന നിലയിൽ അദ്ദേഹം നടത്തുന്ന ആദ്യ ഔപചാരിക കൂടിക്കാഴ്ചയാണിത്. അടുത്ത മാസം ആരംഭിക്കുന്ന പാർലമെന്റിന്റെ ശൈത്യകാല സമ്മേളനത്തിന് മുന്നോടിയായി ആണ് കൂടിക്കാഴ്ച. രാജ്യസഭാ സെക്രട്ടേറിയേറ്റ് ഇന്നലെ സന്ദർശിച്ച ഉപരാഷ്ട്രപതി, ഉദ്യോഗസ്ഥരുമായി സംവദിച്ചു.

## PM - MOBILE CONGRESS

ഇന്ത്യ മൊബൈൽ കോൺഗ്രസ് 2025 പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ ഉദ്ഘാടനം ചെയ്യും. ന്യൂഡൽഹിയിലെ യശോഭൂമി കൺവെൻഷൻ സെന്ററിലാണ് നാല് ദിവസത്തെ സമ്മേളനം നടക്കുന്നത്. ഏഷ്യയിലെ ഏറ്റവും പ്രധാനപ്പെട്ട ടെലികോം-സാങ്കേതിക സമ്മേളനമായ ഇന്ത്യ മൊബൈൽ കോൺഗ്രസിൽ ആഗോള ടെലികോം കമ്പനികൾ, സംരംഭകർ, നയരൂപകർത്താക്കൾ എന്നിവർ പങ്കെടുക്കും. സാങ്കേതിക നവീകരണത്തിലൂടെ പരിവർത്തനം" എന്നതാണ് പരിപാടിയുടെ പ്രമേയം. ടെലികമ്മ്യൂണിക്കേഷൻ, ഡിജിറ്റൽ സാങ്കേതികവിദ്യ, തുടങ്ങിയ മേഖലകളിൽ സ്വയംപര്യാപ്തത കൈവരിക്കുകയാണ് ഇന്ത്യ മൊബൈൽ കോൺഗ്രസിന്റെ

ലക്ഷ്യം. 7,000 അന്താരാഷ്ട്ര പ്രതിനിധികൾ ഉൾപ്പെടെ ഏകദേശം ഒരു ലക്ഷത്തി അമ്പതിനായിരം പേർ പരിപാടിയിൽ പങ്കെടുക്കുമെന്ന് കേന്ദ്ര വാർത്താ വിനിമയ മന്ത്രാലയം അറിയിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

**JAISHANKAR-ARAVALLI SUMMIT-INTRO**

ആഗോള അസ്ഥിരതകൾക്കിടയിലും ഇന്ത്യ മുന്നേറ്റം തുടരുകയാണെന്ന് വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കർ. ന്യൂഡൽഹി ജെ.എൻ.യുവിലെ സ്കൂൾ ഓഫ് ഇന്റർനാഷണൽ സ്റ്റഡീസിൽ ആരവല്ലി ഉച്ചകോടിയുടെ ഉദ്ഘാടന സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

**(VOICE)**

ഏഴ് പതിറ്റാണ്ടുകളുടെ അക്കാദമിക മികവും ബൗദ്ധിക സ്വാതന്ത്ര്യവും അടയാളപ്പെടുത്തുന്ന സ്കൂൾ ഓഫ് ഇന്റർനാഷണൽ സ്റ്റഡീസിന്റെ 70 ആം വാർഷികാഘോഷങ്ങളുടെ ഭാഗമായിയാണ് ഉച്ചകോടി സംഘടിപ്പിച്ചത്.

❁❁❁❁❁❁❁❁❁❁❁❁❁

**NCB-SSB DRUGS**

ഇന്ത്യ-നേപ്പാൾ അതിർത്തി വഴിയുള്ള മയക്കുമരുന്ന് കടത്തിനെതിരെ നടപടികൾ ശക്തമാക്കാനൊരുങ്ങി നാർക്കോട്ടിക് കൺട്രോൾ ബ്യൂറോയും സശസ്ത്ര സീമ ബലും.

NCB ഡയറക്ടർ ജനറൽ അനുരാഗ് ഗാർഗും SSB ഡിജി സഞ്ജയ് സിംഗാളും ന്യൂഡൽഹിയിൽ ഇത് സംബന്ധിച്ച ചർച്ച നടത്തി. ദേശീയ സുരക്ഷയോടുള്ള പ്രതിബദ്ധത, മയക്കുമരുന്ന് ശൃംഖലകളെ പ്രതിരോധിക്കൽ, അതിർത്തി മേഖലകളിൽ അവബോധ പ്രവർത്തനങ്ങളിലൂടെ യുവാക്കളെ ലഹരിയിൽ നിന്ന് സംരക്ഷിക്കൽ എന്നിവ ചർച്ചയായി.

❁❁❁❁❁❁❁❁❁❁❁❁❁

## GOYAL – QATAR ( INTRO )

ഇന്ത്യയും ഖത്തറും തമ്മിലുള്ള ഡിജിറ്റൽ, സാമ്പത്തിക സഹകരണത്തിൽ പുതിയൊരു നാഴികക്കല്ലായി ഇന്ത്യയുടെ ഏകീകൃത പണമിടപാട് സംവിധാനം കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രി പീയൂഷ് ഗോയൽ ദോഹയിൽ ഉദ്ഘാടനം ചെയ്തു. UPI ക്ക് ഖത്തറും ഇന്ത്യയും തമ്മിലുള്ള വ്യാപാര ഇടപാടുകളിൽ വിപ്ലവം സൃഷ്ടിക്കാൻ കഴിയുമെന്ന് അദ്ദേഹം പറഞ്ഞു.

(വോയിസ്.....)

❁❁❁❁❁❁❁❁❁❁❁❁❁

## AAP-BIHAR FIRST LIS

ബിഹാർ നിയമസഭ തിരഞ്ഞെടുപ്പിനുള്ള ആം ആദ്മി പാർട്ടിയുടെ ആദ്യ ഘട്ട സ്ഥാനാർത്ഥി പട്ടിക പുറത്തിറക്കി. 11 സ്ഥാനാർത്ഥികളാണ് പട്ടികയിൽ ഉള്ളത്. പങ്കജ് കുമാർ

ബെഗുസരായ് മണ്ഡലത്തിൽ നിന്നും ആശോക് കുമാർ ഗോവിന്ദ് ഗഞ്ചിൽ നിന്നും ജനവിധി തേടും.

❋❋❋❋❋❋❋❋❋❋❋❋❋

## GST REFORMS- MAHARASHTRA

മഹാരാഷ്ട്രയിലെ കർഷകർക്കും, കരകൗശല വിദഗ്ധർക്കും, ചെറുകിട വ്യവസായങ്ങൾക്കും ആശ്വാസമായി പുത്തൻ തലമുറ ജിഎസ്ടി പരിഷ്കാരങ്ങൾ. 12 ശതമാനം നികുതി

5 ശതമാനമാക്കി കുറച്ച നടപടി ശുദ്ധീകരിച്ച പഞ്ചസാരയുടെ വില ഏഴു ശതമാനത്തോളം കുറയാൻ കാരണമാകും. സംസ്കരിച്ച മത്സ്യ- സമുദ്രോത്പന്നങ്ങളുടെ ജിഎസ്ടി 5 ശതമാനമാക്കിയത് 2 ലക്ഷത്തിലധികം മത്സ്യത്തൊഴിലാളികൾക്ക് മികച്ച വിപണി നേട്ടം നൽകുന്നു.

❋❋❋❋❋❋❋❋❋❋❋❋❋

## AEROSPACE CONVENTION

ബഹിരാകാശം, പ്രതിരോധ വ്യവസായം തുടങ്ങിയ മേഖലകളുമായി ബന്ധപ്പെട്ട് സംഘടിപ്പിക്കുന്ന അന്താരാഷ്ട്ര വ്യാപാര കൺവെൻഷന് ഇന്ന് ചെന്നൈയിൽ തുടക്കമാകും. മുഖ്യമന്ത്രി എം കെ സ്റ്റാലിൻ രണ്ട് ദിവസത്തെ സമ്മേളനം ഉദ്ഘാടനം ചെയ്യും. എയറോ സ്പെസ് രംഗത്തെ പുതിയ സാധ്യതകൾ സംബന്ധിച്ച ചർച്ചകളിൽ വിദഗ്ദ്ധർ പങ്കെടുക്കും.

❋❋❋❋❋❋❋❋❋❋❋❋❋

## ASSEMBLY

കേരള ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക നൂതനവിദ്യ സർവകലാശാല ഭേദഗതി ബിൽ, മലയാള ഭാഷാ ബിൽ എന്നിവയെക്കുറിച്ചുള്ള സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് നിയമസഭയിൽ സമർപ്പിക്കും. സർവകലാശാല നിയമഭേദഗതി ബിൽ, സ്വകാര്യ കൈവശത്തിലുള്ള അധികഭൂമി ക്രമവൽക്കരണ ബിൽ എന്നിവയിലുള്ള റിപ്പോർട്ടും സമർപ്പിക്കും.

❁❁❁❁❁❁❁❁❁❁❁❁❁

## CM – GLOBAL MOBILITY CONCLAVE

വിദേശ തൊഴിൽ കുടിയേറ്റ നടപടികളിൽ സുതാര്യതയും സുരക്ഷിതത്വവും ഉറപ്പാക്കുന്നത് ലക്ഷ്യമിട്ട് സംഘടിപ്പിക്കുന്ന ഗ്ലോബൽ മൊബിലിറ്റി കോൺക്ലേവ് മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യും. നോർക്കയും വിദേശകാര്യ മന്ത്രാലയത്തിന് കീഴിലെ പ്രൊട്ടക്ടർ ഓഫ് എമിഗ്രൻസും സംയുക്തമായാണ് പരിപാടി സംഘടിപ്പിക്കുന്നത്. മന്ത്രാലയത്തിലെ ഉന്നത ഉദ്യോഗസ്ഥർ, സംസ്ഥാന സർക്കാർ പ്രതിനിധികൾ, അംഗീകൃത റിക്രൂട്ട്മെന്റ് ഏജൻസികളിലേ പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുക്കും. വിദേശ തൊഴിൽ റിക്രൂട്ട്മെന്റുകളിലെ നവീകരണം, സുരക്ഷിതത്വം, പരസ്പര സഹകരണം തുടങ്ങിയവ ചർച്ചയാകും.

❁❁❁❁❁❁❁❁❁❁❁❁❁

**SHAKTHI - KERALA RAIN**

അറബിക്കടലിൽ രൂപം കൊണ്ട ശക്തി ചുഴലിക്കാറ്റ് ദുർബലമാകുന്നു. വടക്കുപടിഞ്ഞാറൻ അറബിക്കടലിൽ നിന്നും തെക്കുകിഴക്ക് ദിശയിലേക്ക് നീങ്ങുന്ന ചുഴലിക്കാറ്റ് ഇന്ന് രാവിലെയോടെ ന്യൂനമർദമായി മാറാനാണ് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. അതേസമയം, കേരളത്തിൽ നാളെ മുതൽ വ്യാപക മഴയ്ക്കും സാധ്യതയുണ്ട്. നാളെ ആറു ജില്ലകളിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

**MANDAVIYA- INTRO**

സർദാർ വല്ലഭായ് പട്ടേലിന്റെ 150-ാം ജന്മവാർഷിക ആഘോഷങ്ങളുടെ ഭാഗമായി സംഘടിപ്പിക്കുന്ന സർദാർ @150 ഏകതാ മാർച്ച് കേന്ദ്രമന്ത്രി മൻസുഖ് മാണ്ഡവ്യ ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്തു. രാഷ്ട്ര നിർമ്മാണത്തിൽ യുവജനങ്ങളെ പങ്കാളികളാക്കാനും വികസിത ഭാരതം, ആത്മനിർഭർ ഭാരതം എന്നീ കാഴ്ചപ്പാടുകൾ മുന്നോട്ട് കൊണ്ടുപോകാനുമുള്ള ദേശീയ പ്രസ്ഥാനമാണ് ഏകതാ മാർച്ച് എന്ന് അദ്ദേഹം പറഞ്ഞു.

**(VOICE)**

ഏകതാ മാർച്ചിൻറെ ആദ്യഘട്ടം ഒക്ടോബർ 31 മുതൽ നവംബർ 25 വരെ രാജ്യത്തെ എല്ലാ ജില്ലകളിലും സംഘടിപ്പിക്കും.

❁❁❁❁❁❁❁❁❁❁❁❁❁

## WOMENS WORLD CUP

വനിതാ ഏകദിന ലോകകപ്പ് ക്രിക്കറ്റിൽ ന്യൂസിലൻഡിനെതിരെ ദക്ഷിണാഫ്രിക്കയ്ക്ക് 6 വിക്കറ്റ് ജയം. 232 റൺസിന്റെ വിജയലക്ഷ്യം ദക്ഷിണാഫ്രിക്ക 40.5 ഓവറിൽ 4 വിക്കറ്റ് നഷ്ടത്തിൽ മറികടന്നു. 101 റൺസ് നേടിയ ടാസ്മിൻ ബ്രിട്ട്സ് കളിയിലെ താരമായി. ഇന്ന് ഗുവാഹത്തിയിൽ ഇംഗ്ലണ്ട് ബംഗ്ലാദേശിനെ നേരിടും. ഇന്ത്യൻ സമയം ഉച്ചകഴിഞ്ഞ് 3 മണിക്കാണ് മത്സരം.

❁❁❁❁❁❁❁❁❁❁❁❁❁

## US SHUTDOWN

ഫണ്ടിംഗ് ബില്ലുകൾ പാസാക്കുന്നതിൽ സെനറ്റ് പരാജയപ്പെട്ടതിനെ തുടർന്ന്, യുഎസ് ഭരണകൂടം പ്രഖ്യാപിച്ച ഷട്ട്ഡൗൺ നീളുന്നു. ബില്ലുകൾ സെനറ്റിൽ അവതരിപ്പിച്ചെങ്കിലും, ബിൽ പാസാകാൻ ആവശ്യമായ 60 വോട്ടുകൾ നേടാൻ ഡെമോക്രാറ്റിക്, റിപ്പബ്ലിക്കൻ പാർട്ടികൾക്ക് കഴിയാതെ വന്നതോടെ ഷട്ട്ഡൗൺ ഏഴാം ദിവസത്തിലേക്ക് കടന്നു. ബിൽ പാസാകാത്തതിനും ഷട്ട് ഡൌൺ തുടരുന്നതിനും കാരണം ഡെമോക്രറ്റുകളുടെ

നിലപാടാണെന്ന് യു എസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ് ആരോപിച്ചു.

## UNHRC–GENEVA

ശ്രീലങ്കയിൽ അനുരഞ്ജനം, മനുഷ്യാവകാശങ്ങൾ എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രമേയം ജനീവയിൽ ചേർന്ന യുഎൻ മനുഷ്യാവകാശ കൗൺസിൽ അംഗീകരിച്ചു. വോട്ടെടുപ്പില്ലാതെ പാസാക്കിയ പ്രമേയം, ശ്രീലങ്കയിലെ മനുഷ്യാവകാശ ഹൈക്കമ്മീഷണറുടെ ഓഫീസിന്റെ കാലാവധി രണ്ട് വർഷത്തേക്ക് കൂടി നീട്ടാൻ അനുമതി നൽകി.